## തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

### സംഗ്രഹം

സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്നത് സംബന്ധിച്ച്.

---

ROC.11676/17/Est-C/Mis-C തീയതി: 05/03/2025

സൂചന:- 1. 29/11/2024-ലെ ROC.176/21/Est-4 നമ്പർ ബോർഡ് ഉത്തരവ്.

2. 05/02/2025-ലെ ROC.02/25/Est-C നമ്പർ കത്ത്.

### ഉത്തരവ്

സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന വ്യവസ്ഥ പ്രകാരം ചങ്ങനാശ്ശേരി ഗ്രൂപ്പിലെ മണികണ്ഠപുരം സബ്ഗ്രൂപ്പിലെ രാപ്പുഴ ദേവസ്വത്തിൽ (നിലവിൽ തെങ്ങണാൽ സബ്ഗ്രൂപ്പിൽ ഉൾപ്പെടുന്നു) ജോലി നോക്കി വരവെ 22/05/2002-ൽ മരണപ്പെട്ട കെ.ഉണ്ണികൃഷ്ണന്റെ മകൻ ശ്രീ.യു.ഗോപീകൃഷ്ണൻ, ശ്രീസദനം ഹൗസ്,മഠത്താണി, കുറുമ്പനാടം പി.ഒ, കോട്ടയം എന്നയാളിനെ പാർട്ട്ടൈം കഴകം കം വാച്ചർ തസ്തികയിൽ നിയമിക്കുന്നതിന് സൂചന (2) ഉത്തരവ് ലഭിച്ചു.

മേൽ സാഹചര്യത്തിൽ ശ്രീ.യു.ഗോപീകൃഷ്ണനെ 11,500 - 18,940 ശമ്പള സ്കെയിലിൽ ചങ്ങനാശ്ശേരി ഗ്രൂപ്പിൽ പാർട്ട്ടൈം കഴകം കം വാച്ചർ ലാവണത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ.യു.ഗോപീകൃഷ്ണൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 3 വർഷ ഡ്യൂട്ടി കാലയളവിൽ 2 വർഷം പ്രൊബേഷനിലായിരിക്കുന്നതാണ്. കൂടാതെ ടി നിയമനം നാഷണൽ പെൻഷൻ സ്കീമിന്റെ (NPS) നിബന്ധനകൾക്ക് വിധേയമായിരിക്കും.

| |
|---|
| ഈ ഉത്തരവ് ലഭിച്ച് 45 ദിവസങ്ങൾക്കകം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ഗസറ്റഡ് ആഫീസർ നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റ്, ജനന തീയതി തെളിയിക്കുന്നതിനുള്ള അസ്സൽ രേഖ, ഒന്നാം ഗ്രേഡ് സിവിൽ സർജ്ജനിൽ കുറയാത്ത ഡോക്ടർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, മറ്റ് സ്ഥാപനങ്ങളിൽ ഒന്നും ജോലി നോക്കിയിരുന്നില്ല എന്ന് തെളിയിക്കുന്നതിന് റവന്യൂ അധികാരിയിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടാതെ ഈ ഉത്തരവിനോടൊപ്പം നൽകിയിട്ടുള്ള സാക്ഷ്യപത്രവും പൂരിപ്പിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുമ്പാകെ ഒപ്പിട്ട് നൽകേണ്ടതാണ്. |

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

സ്വീകർത്താവ്:-

ശ്രീ.യു.ഗോപീകൃഷ്ണൻ
ശ്രീസദനം ഹൗസ്, മഠത്താണി
കുറുമ്പനാടം പി.ഒ, കോട്ടയം

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ - ഹരിപ്പാട്
3. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ - ചങ്ങനാശ്ശേരി (ടിയാൻ ഹാജരാകുന്ന മുറയ്ക്ക് റിക്കാർഡുകൾ പരിശോധിച്ച് നിയമാനുസരണം ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്.)
4. എസ്റ്റ-സി സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
5. ഐ.റ്റി സെക്ഷൻ
6. ഫെയർ ഓഫീസ് കോപ്പി

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.05/03